സി.ജി(2)9889/2011 സഹകരണസംഘം രജിസ്ട്രാർ ഓഫീസ്,

തിരുവനന്തപുരം, തീയതി - 9-5-2011.

E-mail:Kerala.rcs@gmail.com

website:www.co-operation.kerala.gov.in

Tel: No. 0471-2330726

## സർക്കുലർ നംപർ- 33 / 2011

വിഷയം:- സഹകരണ വകുപ്പ് - കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിത ബാധിതരുടെ സഹകരണ സംഘങ്ങളിലെ/ബാങ്കുകളിലെ വായ്പാ തിരിച്ചടവിന് മോറട്ടോറിയം അനുവദിക്കുന്നത്- മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്.

സൂചന:- (1) 16-2-2011-ലെ 1333/പി.എസ്.1/11/സഹ/നംപർ സർക്കാർ കത്ത്.

(2) തെരഞ്ഞെടുപ്പ് കമ്മീഷന്റെ 8-4-2011-ലെ 1008 (1075) EL 4/11/Elec/ നംപർ കത്ത്.

............

കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള വായ്പകളുടെ തിരിച്ചടവിന് മോറട്ടോറിയം അനുവദിച്ച് നൽകണമെന്ന് സൂചന(1) പ്രകാരം സർക്കാർ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ടി വായ്പകളുടെ തിരിച്ചടവ് സംബന്ധിച്ച് ചുവടെ പരാമർശിക്കുന്ന മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുന്നു.

കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള വായ്പകളിൻ മേൽ തുടങ്ങിവച്ചതോ തുടർന്നുവരുന്നതോ ആയ ജപ്തി നടപടികൾ ഉൾപ്പെടെയുള്ള റിക്കവറി നടപടികൾ 31-10-2011-വരെ നിർത്തിവയ്ക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു.

ടി നിർദ്ദേശം സഹകരണ സംഘങ്ങളുടെയും/ബാങ്കുകളുടെയും ശ്രദ്ധയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അടിയന്തിരമായി കൊണ്ടുവരേണ്ടതാണ്.

(ഒപ്പ്)

റാണിജോർജ്ജ്. ഐ.എ.എസ്

സഹകരണസംഘം രജിസ്ട്രാർ

പകർപ്പ്:-

1. ജോയിന്റ് രജിസ്ട്രാർ(ജനറൽ) കാസർഗോഡ്
2. ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) കാസർഗോഡ്
3. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ബാങ്ക്, കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്
4. ജോയിന്റ് രജിസ്ട്രാർ/കൺകറന്റ് ആഡിറ്റർ, കേരള സംസ്ഥാന സഹകരണ ബാങ്ക്, കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്
5. ജനറൽ മാനേജർ/ജോയിന്റ് രജിസ്ട്രാർ/കൺകറന്റ് ആഡിറ്റർ- ജില്ലാ സഹകരണ ബാങ്ക്, കാസർഗോഡ്
6. അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)& (ആഡിറ്റ്) ജോയിന്റ് രജിസ്ട്രാർ മുഖേന (കാസർഗോഡ് ജില്ല)
7. എഡിറ്റർ-സഹകരണ വീഥി/സഹകരണ ജേർണൽ
8. സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്
9. ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും
10. സ്റ്റോക്ക് ഫയൽ /സ്പെയർ

//ആജ്ഞാനുസരണം//

Syamalakumari

ഡെപ്യൂട്ടി രജിസ്ട്രാർ (ക്രെഡിറ്റ്)